പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 791

10.06.2019 ലെ മറുപടിയ്ക്ക്.

# പട്ടികജാതി-പട്ടികവർഗ്ഗവിഭാഗക്കാർക്ക് വിദേശത്തു തൊഴിൽ

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് : | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭിക്കുന്നതിന് വേണ്ടി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പട്ടികജാതിക്കാർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് വിവിധ തൊഴിലധിഷ്ഠിത പദ്ധതികൾ വകുപ്പ മുഖേന നടപ്പിലാക്കി വരുന്നു. വകുപ്പ് നടപ്പിലാക്കുന്ന വിവിധ തൊഴിൽദായക പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. അഭ്യസ്ഥവിദ്യരും തൊഴിൽരഹിതരുമായ പട്ടികജാതി യുവജനങ്ങൾക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നു.<br>2. പട്ടികജാതി യുവതീയുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം, ഓട്ടോ മൊബൈൽ എൻജിനീയറിംഗ് മേഖലയിൽ തൊഴിൽ ലഭ്യമാകുന്ന ഓട്ടോഡയഗണോസിസ് ആന്റ് റിപ്പയർ പരിശീലനം, ടിൻകറിംഗ് ആന്റ് പെയിന്റിംഗ് പരിശീലനം, സെയിൽസ് എക്സിക്യൂട്ടീവ് പരിശീലനം, സോളാർ പാനൽ ടെക്നീഷ്യൻ, എയർ കണ്ടീഷൻ ടെക്നീഷ്യൻ, കമ്പ്യൂട്ടിംഗ് ആന്റ് പെരിഫെറൽസ് ടെക്നീഷ്യൻ, സിസിടിവി ടെക്നീഷ്യൻ എന്നീ പരിശീലന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന തൊഴിൽ ലഭ്യത ഉറപ്പ വരുത്തി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്.<br>3. പട്ടികജാതിക്കാർക്ക് വിദേശത്ത് Oil & Rig മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന Pipe fabricator/fitter, Industrial electrician കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പരിശീലനം, |

| | | | |
|---|---|---|---|
| | | | നഴ്സിംഗ് മേഖലയിൽ വിദേശത്തുൾപ്പെടെ തൊഴിൽ സാധ്യതയുള്ള NEP/FNEP/IELTS പരിശീലനം എന്നിവയും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വിദേശത്ത് പ്ലെയിസ്മെന്റ് ലഭ്യമാക്കി വരുന്നു.<br>4. പട്ടികജാതി യുവതീയുവാക്കൾക്ക് മ്യൂറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ് ആർട്ട് പരിശീലനം, ആയുർവേദ നഴ്സിംഗ്, ഹോം നഴ്സിംഗ് പരിശീലനം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ ഫാർമസി ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, ബാങ്കിംഗ് & ഫിനാൻഷ്യൽ സർവ്വീസ് കോഴ്സ്, പട്ടികജാതി വനിതകൾക്ക് വനിതാ സെക്യൂരിറ്റി പരിശീലനം എന്നീ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>5. ജുഡീഷ്യറി സർവ്വീസിൽ പട്ടികജാതിക്കാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് ഗവ. ലോ കോളേജ് മുഖേന മുൻസിഫ് മജിസ്ട്രേറ്റ് പ്രവേശന പരീക്ഷയിൽ പരിശീലന പദ്ധതി നടത്തി വരുന്നു.<br>6. നഴ്സിംഗ് പഠനം പൂർത്തിയാക്കിയ പട്ടികജാതി യുവതീയുവാക്കൾക്ക് കരാർ അടിസ്ഥാനത്തിൽ 15000/- രൂപ പ്രതിമാസം ഓണറേറിയവും, 1500/- രൂപ യൂണിഫോം അലവൻസും നൽകി താലൂക്ക്/ജില്ലാ ജനറൽ ആശുപത്രികളിൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>7. വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ. കളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് തൊഴിൽമേളകൾ സംഘടിപ്പിച്ച് പ്ലെയിസ്മെന്റ് ലഭ്യമാക്കി വരുന്നു. കഴിഞ്ഞ മൂന്ന് വർഷത്തിൽ ഇപ്രകാരം പരിശീലിപ്പിക്കപ്പെട്ട 2358 പേരിൽ 1400 പേർക്ക് വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിച്ചു. ഐ.റ്റി.ഐ പാസ്സായ 600 പേർക്ക് പ്ലെയിസ്മെന്റ് നൽകുവാനും സാധിച്ചിട്ടുണ്ട്,<br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ട നൈപുണ്യ വികസനവും പരമ്പരാഗത തൊഴിൽ പ്രോത്സാഹനത്തിനുമായി ധാരാളം പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-19 വരെ അഭ്യസ്തവിദ്യരായ 3428 പേർക്ക് വിവിധ മേഖലയിൽ നൈപുണ്യ വികസന പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തി. 2019-20 വർഷത്തിലേയ്ക്ക് 1380 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിച്ചു വരുന്നു.<br>**കരിയർ ഗൈഡൻസ് ജോബ് ഫെയർ:** 2019 ൽ ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താത്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. 2019-20 വർഷത്തിൽ എല്ലാ ജില്ലകളിലും കരിയർ ഗൈഡൻസ് ജോബ് ഫെയർ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തീകരിച്ചു<br>**ഇൻഫർമേഷൻ ടെക്നോളജിയിൽ തിരുവനന്തപുരത്ത് സെന്റർ ഫോർ എക്സലൻസ് എന്ന സ്ഥാപനം :** പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഐ.ടി മേഖലയിൽ ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, ഹാർഡ് വെയർ/സോഫ്റ്റ് വെയർ എന്നിവയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി സെന്റർ ഫോർ എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് മണ്ണന്തലയിൽ സ്ഥാപിച്ചു.<br>**പട്ടികവർഗ്ഗ വനിതകൾക്കായുള്ള വസ്ത്ര നിർമ്മാണശാല: അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് (ATAP):-**<br>അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ 6 മാസത്തെ പരിശീലനം പൂർത്തീകരിച്ച 291 പട്ടികവർഗ്ഗ യുവതികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി അട്ടപ്പാടിയിൽ വസ്ത്രനിർമ്മാണ ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. "അടാപ്പ്" എന്ന പേരിൽ ഒരു സ്വയം സഹായസംഘം എന്ന നിലയിൽ ഒരു വ്യവസായ യൂണിറ്റ് ആരംഭിച്ച് വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റലുകളിലെ കുട്ടികളുടെ യൂണിഫോം ഉൾപ്പെടെയുള്ള വസ്ത്രങ്ങളുടെ നിർമ്മാണത്തിനുള്ള നടപടി ആരംഭിച്ചു<br>കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും അധീനതയിലുള്ള നൈപുണ്യ പരിശീലന കേന്ദ്രവുമായി സഹകരിച്ച് ആധുനിക തൊഴിൽ മേഖലകളിൽ ഉണ്ടാകുന്ന ജോലി |

| | | | |
|---|---|---|---|
| | | | സാധ്യതകൾ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഉറപ്പാക്കുന്ന പരിശീലന പരിപാടികൾ കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE) എന്ന സ്ഥാപനം മുഖേന ആധുനിക തൊഴിൽ പരിശീലനം നൽകി വരുന്നുണ്ട്.<br><br>കൂടാതെ സർക്കാർ സ്ഥാപനങ്ങളായ സി-ഡിറ്റ്, സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ്, കെൽട്രോൺ, സെന്റർ ഫോർ ബയോപോളിമർ സയൻസ് ടെക്നോളജി, ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് എന്നിവയും സ്വകാര്യ സ്ഥാപനങ്ങളായ നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, ഇറാം, എത്തിയോസ് തുടങ്ങി തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങളിൽ പരിശീലനം നൽകി പ്ലെയിസ്മെന്റ് നൽകി വരുന്നു.<br><br>**ഗോത്രജീവിക**<br><br>2016-17 വർഷം മുതൽ ടി പദ്ധതിപ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വം ആരംഭിക്കുന്നതിനുള്ള സഹായം നൽകുന്നതിനുമായി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് മുഖേന 334 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരിച്ചു. |
| (ബി) | ഈ പദ്ധതികൾ വഴി കഴിഞ്ഞ മൂന്നുവർഷം കൊണ്ട് പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വിദേശത്ത് ജോലി നേടിക്കൊടുക്കുവാൻ സാധിച്ചു എന്ന് വിശദമാക്കുമോ? | (ബി) | ഈ പദ്ധതികൾ വഴി ഓയിൽ ആന്റ് റിഗ് മേഖലയിൽ 2017-18 സാമ്പത്തിക വർഷം 56 പേർക്കും 2018-19 വർഷം 32 പേർക്കും, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ 2017-18 വർഷം 30 പേർക്കും വിദേശത്ത് തൊഴിൽ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. തുടർന്ന് 2018-19 ൽ പരിശീലനം നൽകിയ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കി വരുന്നു.<br><br>വിദേശത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള കോഴ്സുകൾ കൂടി ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ